(ഇ) ടൂറിസം വകുപ്പ് നൽകുന്ന ഫണ്ട്, അവ ഉപയോഗിച്ച് ആരംഭിച്ചിട്ടുള്ള വിവിധ ടൂറിസം യൂണിറ്റുകളിൽനിന്നുള്ള വരവ് മുതലായവയാണ് ഡി.ടി.പി.സി.-കളുടെ വരുമാന സ്രോതസ്സ്. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി മൊത്തം 11,03,24,562 രൂപ 14 ഡി.ടി.പി.സി.-കൾക്കുമായി വിതരണം ചെയ്തിട്ടുണ്ട്. വിനിയോഗിച്ച തുകയുടെ കണക്ക് ശേഖരിച്ചു നല്കുന്നതാണ്.

വാട്ടർ സ്പോർട്സിനുള്ള സൗകര്യം ഉണ്ടാക്കാൻ നടപടി

44 [3388] ശ്രീ. എം. എം. ഹസ്സൻ:

„ ജി. കാർത്തികേയൻ:

„ എം. മുരളി:

ശ്രീമതി ശോഭനാജോർജ്ജ്:

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായൽ ടൂറിസവുമായി ബന്ധപ്പെട്ട് വാട്ടർ സ്പോർട്സിനുള്ള സൗകര്യം ഉണ്ടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(ബി) വാട്ടർ സ്പോർട്സിനുള്ള സൗകര്യം കായൽ ടൂറിസവുമായി ബന്ധപ്പെടുത്തി ഉണ്ടാക്കാത്തപക്ഷം അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) കൊതുമ്പുവള്ളങ്ങൾ, ചെറിയ ചുരുളൻ വള്ളങ്ങൾ, ചെറിയ ഓടിവള്ളങ്ങൾ എന്നിവ സജ്ജീകരിച്ച് വിനോദസഞ്ചാരികൾക്ക് തന്നെ തുഴയുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ;

(ഡി) ഇത് പ്രയോജനകരമാണെന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. വേളി, കോവളം, ആക്കുളം, കാപ്പിൽ, കൊല്ലം, ആലപ്പുഴ, കുമരകം, എറണാകുളം, ചേറ്റുവ, മലപ്പുറം, മലമ്പുഴ, കോടിമാത, വലിയപറമ്പ്, പറശ്ശിനിക്കടവ്, മുഴുപ്പിലങ്ങാട് എന്നിവിടങ്ങളിലാണ് വാട്ടർ സ്പോർട്സിനുള്ള സൗകര്യം ഉണ്ടാക്കിയിട്ടുള്ളത്.

(സി) പ്രധാന കായൽത്തീര ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്വകാര്യമേഖലയിൽ ഇത്തരം സൗകര്യങ്ങൾ ലഭ്യമാണ്.

(ഡി) പ്രയോജനകരമാണ്.

LIBRARY ARCHIVES Kerala Legislative Assembly